"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം - സാമൂഹിക സന്നദ്ധസേനയ്ക്ക് നടപ്പ് സാമ്പത്തിക വർഷം (2024-25) വിവിധ പദ്ധതികൾക്കായുള്ള പദ്ധതി വിഹിതം 25 ലക്ഷം രൂപയായി പരിമിതപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.5348/2024/GAD തീയതി,തിരുവനന്തപുരം, 05-12-2024

പരാമർശം:- 1) സ.ഉ(സാധ)നം.2558/2024/പൊഭവ തീയതി 10.06.2024.
2) സ.ഉ(സാധ)നം.3160/2024/പൊഭവ തീയതി 12.07.2024.
3) സ.ഉ(അച്ചടി)നം.76/2024/ധന തീയതി 31.08.2024
4) സാമൂഹിക സന്നദ്ധസേന ഡയറക്ടറുടെ 29.11.2024 ലെ DSS/04/2024-G(AS) നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന് നടപ്പ് സാമ്പത്തിക വർഷം (2024-25) വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ മാത്രം) 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി ഡയറക്ടർക്ക് നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആദ്യ ഗഡുവായി 25,00,000/- രൂപയും അനുവദിക്കുകയുണ്ടായി.

**2.** തുടർ പ്രോജക്ടുകൾ ഉൾപ്പടെയുള്ളവയുടെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം 2 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 2024-25 സാമ്പത്തിക വർഷം ഇതിനകം ഭരണാനുമതി നൽകിയ സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ആകെ അടങ്കൽ തുക 50% മായി നിജപ്പെടുത്തി 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഡയറക്ടർ പരാമർശം 3 പ്രകാരം സമർപ്പിക്കുകയുണ്ടായി.

**3.** സർക്കാർ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ് നടപ്പ് സാമ്പത്തിക വർഷം (2024-25) വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും പരാമർശം 2 പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 50% കുറവ് വരുത്തിക്കൊണ്ട് ആകെ 25 ലക്ഷം(ഇരുപത്തിയഞ്ച്

ലക്ഷം രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി ചുവടെപ്പറയും പ്രകാരം 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ നിന്നും നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No. | Scheme/Project | Allocation |
|---|---|---|
| 1 | Vathilppadi Sevanam & Santhwana Paricharanam | Rs.3,00,000 |
| 2 | Onnay Munnot<br>(Volunteer Promotion & Sustainability)<br>3.a.Best Volunteer Awards<br>3.b.Volunteer kit<br>3.c.Volunteer Felicitation camp-Yuvam | Rs.1,50,000 |
| 3 | Susthithi<br>(Promotion of Sustainable Development Goals)<br>a.Cleaning Drive – Azhakerum Keralam | Rs.1,00,000 |
| 4 | Arikil Ninnum Munnilek<br>5.a.THRIVE (Tribal Higher Education Interactive Ventures Excellence) | Rs 9,00,000 |
| 5 | Community Volunteers for Disaster Resilience and Risk Reduction | Rs.5,00,000 |
| 6 | Programme Management Unit : IT and Admin Expenses | Rs 4,70,000 |
| 7 | IEC Activities | Rs 80,000 |
| **TOTAL** | | **Rs. 25,00,000** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹിക സന്നദ്ധസേന, അനക്സ് - I, ഗവ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (അറിവിലേക്കായി)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 05-12-2024 15:58:52
സെക്ഷൻ ഓഫീസർ